(ഐ) നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കാൻ ആവശ്യപ്പെടുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്നഭ്യർത്ഥിച്ച് 1958-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിനയച്ചിട്ടുണ്ട്. 1971-ലും 1996-ലും ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരിന് കത്തയക്കുകയുണ്ടായി.

(സി)-(ഐ) ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു കത്ത് കേന്ദ്ര നിയമമന്ത്രിയിൽ നിന്ന് 8.7.'99-ന് ലഭിച്ചിട്ടുണ്ട്. കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം ആരാഞ്ഞ് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കേണ്ടതുണ്ട് എന്ന് സംസ്ഥാന ഗവണ്മെന്റ് കരുതുന്നു. ഹൈക്കോടതിയും കേന്ദ്രഗവണ്മെന്റുമാണ് ഇക്കാര്യത്തിൽ തീരുമാനങ്ങൾ എടുക്കേണ്ടത്.

മരുന്നുവാങ്ങുന്നതിനുള്ള മാനദണ്ഡം

8 (*8)ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സർക്കാർ അനുമതിയില്ലാതെ മരുന്നുകളും സർജിക്കൽ ഉപകരണങ്ങളും പർച്ചേസ് നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സർക്കാർ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ (സി.പി.സി) നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനും മരുന്നുകൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിന് വ്യക്തമായ മാനദണ്ഡം പാലിക്കുന്നുഎന്നുറപ്പു വരുത്തുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സി.പി.സി. യുടെ ഇപ്പോഴത്തെ ഘടന എപ്രകാരമാണെന്നും, മരുന്നുകമ്പനികളെയും മരുന്നുകളെയും ഇതിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ഡി) സർക്കാർ അനുമതിയില്ലാതെയും മാനദണ്ഡങ്ങൾ ലംഘിച്ചും ഗുണനിലവാരമില്ലാത്ത മരുന്നുകളും ഉപകരണങ്ങളും അടുത്തകാലത്ത് പർച്ചേസ് നടത്തിയിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനും ഇതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

LIBRARY ARCHIVES Kerala Legislative Assembly

(എ) സർക്കാർ അനുമതിയില്ലാതെ മരുന്നുകളും സർജിക്കൽ ഉപകരണങ്ങളും സർക്കാർ ആശുപത്രികളിലേക്ക് പർച്ചേസ് നടത്തിയിട്ടില്ല. ഇക്കാര്യം പരിശോധിക്കുവാൻ ഗവണ്മെന്റ് സംവിധാനം നിലവിലുണ്ട്. ഓരോ തവണ മരുന്നു വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല. ആവശ്യം കണക്കിലെടുത്തുകൊണ്ട് സെൻട്രൽ പർച്ചേസ് കമ്മിറ്റി അംഗീകരിച്ച കമ്പനികളിൽനിന്നും മരുന്നുവാങ്ങാനുള്ള അധികാരം ഡി.എം.ഒ. മാർക്കും പ്രിൻസിപ്പൽമാർക്കും മറ്റും ഉണ്ട്.

(ബി) മെഡിക്കൽ കോളേജ് ആശുപത്രികൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രിയിലേക്ക് വേണ്ട മരുന്നുകളും സർജിക്കൽ കൺസ്യൂമബിൾസ് സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖാന്തിരമാണ് വാങ്ങുന്നത്. ആശുപത്രികൾക്കാവശ്യമായ മരുന്നുകളുടെ വിലകൾ ഓരോ വർഷവും സെൻട്രൽ പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുകയും ആയത് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും മെഡിക്കൽ കോളേജ് അധികാരികൾക്കും അയച്ചുകൊടുക്കുകയും ചെയ്യുന്നു. പർച്ചേസിംഗ് ആഫീസർമാർ അവരുടെ വാർഷിക ഇൻഡന്റ് പ്രകാരം ആവശ്യമുള്ള മരുന്നുകൾക്ക് നേരിട്ട് സപ്ലൈ ഓർഡർ കൊടുക്കുകയും ഇപ്രകാരം വാങ്ങുന്ന മരുന്നുകൾ ജില്ലാ മെഡിക്കൽ സ്റ്റോറുകളിലും മെഡിക്കൽ കോളേജ് ആശുപത്രി സ്റ്റോറുകളിലും സംഭരിക്കുകയും ഓരോ ആശുപത്രിയുടെയും വാർഷിക ഇൻഡന്റ് അനുസരിച്ച് ആശുപത്രികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു. ഒരു വർഷത്തേക്ക് ആവശ്യമായ മരുന്ന് നാല് തുല്യ ഗഡുക്കളായാണ് കമ്പനികളിൽ നിന്നും സംഭരിക്കുന്നത്. സർക്കാർ അനുമതിയില്ലാതെ സാധനങ്ങൾ വാങ്ങുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ഡിപ്പാർട്ടുമെന്റൽ ആഡിറ്റ്, അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. സി.പി.സി. ലിസ്റ്റിലുള്ള കമ്പനികളുമായി നേരിട്ട് ഓപ്പൺ നെഗോഷ്യേഷൻ നടത്തി വില നിശ്ചയിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ഇത് തികച്ചും സുതാര്യമാണ്. ഇതിന്റെ ഫലമായി 1998-99 ൽ ഡി.പി.സി. നിരക്കുകൾ മാർക്കറ്റ് നിരക്കുകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ 20.5 കോടി രൂപയുടെ അധികമരുന്നും-1999-2000-ൽ 19.5 കോടി രൂപയുടെ അധികമരുന്നും വാങ്ങാൻ സാധിച്ചു.

(സി) ഡി.എച്ച്.എസ്. ഡി.എം.ഇ. ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ്. ഡ്രഗ്സ് കൺട്രോളർ ഫിനാൻസ് ഡിപ്പാർട്ട്മെന്റ്, സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റ് ഇവരുടെ പ്രതിനിധികൾ എന്നിവരടങ്ങിയതാണ് ഡി.പി.സി., ഡി.എച്ച്.എസ്., ഡി.എം.ഇ. തുടങ്ങിയവർ ഓരോ വർഷവും മാറിമാറി കമ്മിറ്റിയുടെ ചെയർമാനായിരിക്കും. ഡി.പി.സി. യിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്യുന്നതു താഴെപ്പറയുന്ന മാനദണ്ഡത്തിന് വിധേയമായിട്ടാണ്.

(1) 5 വർഷത്തെ പ്രവർത്തന പരിചയം.

(2) 5 കോടിയിലധികം വാർഷിക വിറ്റുവരവ്.

(3) ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് സർട്ടിഫിക്കറ്റ് നോൺ കൺഡിക്ഷൻ സർട്ടിഫിക്കറ്റ്.

(4) നിലവിലുള്ള ഡ്രഗ്സ് ലൈസൻസ്

(5) മരുന്നുൽപ്പാദനമോ നേരിട്ട് ഇറക്കുമതി ചെയ്യുന്നവരോ ആയിരിക്കണം. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ സർക്കാരുകൾക്ക് മരുന്നുകൾ വിതരണം ചെയ്ത പരിചയം അഭികാമ്യമാണ്. ഡയറക്ടർ ജനറൽ ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

അപ്ലൈഡ് ആന്റ് ഡിസ്പോസൽ റേറ്റ് കോൺട്രാക്ട് ഇ.എസ്.ഐ.സി. റേറ്റ് കോൺട്രാക്ട് എന്നിവ ഉണ്ടെങ്കിൽ അതും ഹാജരാക്കണം.

മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചിട്ട് ഉറപ്പുവരുത്തിയതിനു ശേഷമാണ് പുതിയ കമ്പനികളെ ഡി.പി.സി.യിൽ ചേർക്കുന്നത്. കേരളത്തിലെ ചെറുകിട കമ്പനികളെ (എസ്.എസ്.ഐ. യൂണിറ്റ്) 5 കോടി വാർഷിക വിറ്റുവരവ് വേണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ ഒരു വർഷത്തെ പ്രവർത്തനപരിചയവും മതിയാകും. നിരക്കുകൾ നിശ്ചയിക്കുമ്പോൾ ടി കമ്പനികൾക്ക് 15% പ്രൈസ് പ്രിഫറൻസ് നൽകുന്നുണ്ട്. കേരളത്തിലുള്ള ഗവണ്മെന്റ് കമ്പനികൾക്ക് 10 % പ്രൈസ് പ്രിഫറൻസ് അനുവദിച്ചു വരുന്നു. പുതിയ മരുന്നുകൾ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷകൾ ആശുപത്രികളിൽനിന്ന് ലഭിക്കുന്നുണ്ട്. ഓരോ വർഷവും സി.പി.സി. ഒരു വിദഗ്ദ്ധരുടെ കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി പരിശോധിച്ചതിനുശേഷമാണ് സി.പി.സി. അംഗീകരിച്ച മരുന്നുകളുടെ ലിസ്റ്റിൽ ചേർക്കുന്നത്.

(ഡി) സി.പി.സി.യുടെ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ഗുണനിലവാരം ഉറപ്പാക്കിയാണ് ഓരോ വർഷവും മരുന്നുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നത്. ഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം ഡ്രഗ്സ് കൺട്രോളറുടെ നിയന്ത്രണത്തിൽ നിലവിലുണ്ട്. പർച്ചേസ് സംബന്ധിച്ച് വ്യക്തമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

ഔഷധങ്ങളുടെ ഗുണനിലവാരം

9 (*9)ശ്രീ. എം. ദാസൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന ഔഷധങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ പതിനൊന്ന് മാസത്തിനിടയ്ക്ക് സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോളറുടെ നേതൃത്വത്തിലുള്ള ലബോറട്ടറിയിൽ ഔഷധങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതായി അറിവുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പരിശോധനയുടെ ഫലമായി ഔഷധസാമ്പിളുകളിൽ ഗുണനിലവാരമില്ലാത്തവ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ ആശുപത്രികളിൽ സൗജന്യ വിതരണത്തിനായി വാങ്ങുന്ന ഔഷധങ്ങളിൽ ഗുണനിലവാരമില്ലാത്ത ജീവൻരക്ഷാ ഔഷധങ്ങളും ഉൾപ്പെടുന്നതായുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly